പതിമൂന്നാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 2896.

20.03.2015 ൽ മറുപടിക്ക്

**കോർപ്പറേഷൻ ഉന്നതോദ്യോഗസ്ഥരുടെ പുനർനിയമനം**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.പി.ശ്രീരാമകൃഷ്ണൻ**<br>**,, കെ.കുഞ്ഞിരാമൻ (ഉദുമ)**<br>**,, പി.ടി.എ. റഹീം**<br>**,, സി.രവീന്ദ്രനാഥ് :** | **ശ്രീ. അനൂപ് ജേക്കബ്**<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| (എ) സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ പ്രവർത്തനങ്ങളുടെ അവലോകനം ഏറ്റവും ഒടുവിൽ നടത്തിയത് എപ്പോഴാണ്; വിശദമാക്കാമോ; വിലക്കയറ്റം നിയന്ത്രിക്കുന്നതിൽ കോർപ്പറേഷന് നിലവിലുള്ള പങ്ക് കുറഞ്ഞുവരുന്നതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ; | (എ) സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ വില്പനശാലകളുടെ പ്രവർത്തനങ്ങൾ ഡിപ്പോ തലത്തിലും, മേഖലാ കാര്യാലയ തലത്തിലും, കേന്ദ്ര കാര്യാലയ തലത്തിലും അവലോകനം നടത്താറുണ്ട്. കേന്ദ്ര കാര്യാലയതലത്തിലുള്ള അവലോകനം ഏറ്റവും ഒടുവിൽ നടത്തിയത് 2015 മാർച്ച് മാസം 3-ാം തീയതിയാണ്. സംസ്ഥാനത്ത് നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധന ഫലപ്രദമായി തടയുന്നതിനുള്ള നടപടികൾ സപ്ലൈകോ കാര്യക്ഷമമായി നടത്തിവരുന്നുണ്ട്. |
| (ബി) കോർപ്പറേഷനിൽ ഉന്നതോദ്യോഗസ്ഥരിൽ പുനർനിയമനം നേടിയവർ എത്ര പേരുണ്ടെന്ന് വിശദമാക്കാമോ;<br>(സി) ഇത്രയും പുനർനിയമനം നടത്താനുള്ള സാഹചര്യം എന്താണെന്ന് അറിയിക്കാമോ; | (ബി) & (സി) അഡീഷണൽ ജനറൽ മാനേജർ, ശ്രീമതി. മേരി മെറ്റിൽഡയെ ചില ആരോപണങ്ങളുടെ പേരിൽ അന്വേഷണ വിധേയമായി സസ്പെന്റ് ചെയ്യുകയും തുടർന്നു സർവ്വീസിൽ നിന്നും നീക്കം ചെയ്യുകയും ചെയ്തു. പിന്നീട് നടത്തിയ ആഭ്യന്തര അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ കുറ്റവിമുക്തയാക്കുകയും, സർവ്വീസിൽ പുനഃപ്രവേശിപ്പിക്കുകയും ചെയ്തു. |
| (ഡി) ഇത്തരം പുനർനിയമനം കാരണം വകുപ്പിൽ പുതുതായി നിയമനം നടക്കാത്ത സാഹചര്യം ഉണ്ടായിട്ടുണ്ടോ; | (ഡി) ഇല്ല. |
| (ഇ) ഉന്നതോദ്യോഗസ്ഥരിൽ പുനർനിയമനം നൽകുക വഴി വന്നുചേർന്ന സാമ്പത്തിക ബാദ്ധ്യതയുണ്ടാകുന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ? | (ഇ) സാമ്പത്തിക ബാദ്ധ്യതയുണ്ടായിട്ടില്ല. |

Beena

സെക്ഷൻ ഓഫീസർ